പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :500 27.02. 2018 ൽ മറുപടിക്ക്

## വൈദ്യുതി ബോർഡ് ജീവനക്കാരുടെ പെൻഷൻ ട്രസ്റ്റ്

ചോദ്യം

ശ്രീ.കെ.എൻ.എ.ഖാദർ

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിലെ ജീവനക്കാർക്കായിരൂപീകരിച്ച പെൻഷൻ ട്രസ്റ്റിന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) കെ.എസ്.ഇ.ബി-യുടെ ആസ്തി ബാധ്യതകൾ കെ.എസ്.ഇ.ബി ലിമിറ്റഡ് എന്ന കമ്പനിയിൽ നിക്ഷിപ്തമാക്കിക്കൊണ്ട് ഇറക്കിയ ഗസറ്റ് വിജ്ഞാപന പ്രകാരം ജീവനക്കാരുടെ പെൻഷൻ വിതരണത്തിനായി ഇന്ത്യൻ ട്രസ്റ്റ് ആക്ട് 1882 പ്രകാരം 12.02.2015-ൽ ഒരു മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുകയും അതു മുഖേന 01.01.2016 മുതൽ പെൻഷൻ വിതരണം ആരംഭിക്കുകയുമുണ്ടായി.<br><br>ബോർഡ് കമ്പനിയിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട 31.10.2013 വരെയുള്ള പെൻഷൻ ബാധ്യത 12419 കോടി രൂപയായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇത് താഴെപ്പറയുന്ന വിധം സ്വരൂപിക്കുന്നതാണ്.<br>(i) 524 കോടി രൂപ സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി 10 വാർഷിക ഗഡുക്കളായി നൽകുന്നതാണ്.<br>(ii) a. 8144 കോടി രൂപയുടെ 20 വർഷത്തേയ്ക്കുള്ള 10%- നിരക്കിലുള്ള ബോണ്ടു മുഖേന കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിന്നും സ്വരൂപിക്കുന്നതാണ്.<br>b. 3751 കോടി രൂപയുടെ 10 വർഷത്തേയ്ക്കുള്ള 9%- നിരക്കിലുള്ള ബോണ്ടുമുഖേന സർക്കാരിൽ നിന്നും സ്വരൂപിക്കുന്നതാണ്.<br>മേൽപ്പറഞ്ഞ 3751 കോടി രൂപയും ഇതിന്റെ പലിശയും ചേർത്ത് 5861 കോടി രൂപ 10 വാർഷിക ഗഡുക്കളായി 586.10 കോടി രൂപ വീതം കെ.എസ്.ഇ.ബി ലിമിറ്റഡ് സർക്കാരിനു നൽകാനുള്ള ഡ്യൂട്ടിയിൽ നിന്നും തട്ടിക്കിഴിക്കുന്നതാണ്. തുടർന്ന് ആക്ച്വറിയൻ വാല്യുവേഷനിലൂടെ 31.03.2017 വരെയുള്ള പെൻഷൻ ബാധ്യത 16147.70 കോടി രൂപയായി കണക്കാക്കിയിട്ടുണ്ട്.<br>നിലവിൽ ബോണ്ടിന്റെ മുതലും പലിശയും ഉൾപ്പെടെയുള്ള വാർഷിക വിഹിതം മുഴുവനായി മാസ്റ്റർ ട്രസ്റ്റിലേക്ക് നൽകുന്നില്ല. എന്നാൽ മുഴുവൻ പെൻഷൻകാർക്കും മുടക്കം കൂടാതെ പെൻഷൻ നൽകിവരുന്നുണ്ട്. ഇതിനാവശ്യമായ തുക കെ.എസ്.ഇ.ബി.എൽ കൃത്യമായി പെൻഷൻ ട്രസ്റ്റിന് നൽകുന്നുണ്ട്. ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി മാസ്റ്റർ ട്രസ്റ്റിന് നൽകാനുള്ള |

| | |
|---|---|
| | കുടിശ്ശിക പരിഹരിക്കും. |
| (ബി) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവു ചെയ്യുന്ന വിഹിതവും തൊഴിലുടമ നിക്ഷേപിക്കുന്ന വിഹിതവും എത്ര വീതമാണ്; ഈ തുക കൈകാര്യം ചെയ്യുന്നത് ആരാണ്; ബോർഡ് നിക്ഷേപിക്കേണ്ട വിഹിതം അടയ്ക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) 01.04.2013-ന് ശേഷം ബോർഡ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരെ നാഷണൽ പെൻഷൻ പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നഷണൽ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും 10%-നു തുല്യമായ തുക കുറവ് ചെയ്ത് തത്തുല്യമായ ബോർഡ് വിഹിതവും ചേർത്ത് ട്രസ്റ്റി ബാങ്കിലേക്ക് നിക്ഷേപിക്കുന്നു. തുടർന്ന് ട്രസ്റ്റി ബാങ്ക് പ്രസ്തുത തുക ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള പെൻഷൻ ഫണ്ടുകളായ LIC പെൻഷൻ ഫണ്ട്, SBI പെൻഷൻ ഫണ്ട്, UTI പെൻഷൻ ഫണ്ട് എന്നിവയിലേയ്ക്ക് നിക്ഷേപിക്കുന്നു. 10.06.2015-ലെ ബോർഡ് സർക്കുലർ പ്രകാരം 7/2015 മുതൽ നാളിതു വരെ ജീവനക്കാരിൽ നിന്നും കുറവ് ചെയ്ത തുകയും തത്തുല്യമായ ബോർഡ് വിഹിതവും കൃത്യമായി തന്നെ അടച്ചിട്ടുള്ളതാണ്. |
| (സി) ഇപ്രകാരം ഈടാക്കുന്ന തുക പൊതുമേഖലാ ബാങ്കിലോഎൻ.പി.എസ്സിലോ നിക്ഷേപിക്കാത്തതിനാൽ ആദായനികുതി ഒഴിവ് നൽകാനാവില്ല എന്ന് ആദായനികുതി വകുപ്പ് ആക്ഷേപം ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ? | (സി) മാസ്റ്റർ ട്രസ്റ്റിന്റെ അധിക തുക ബാങ്കിലോ, എൽ.പി.എസ്സിലോ നിക്ഷേപിക്കാത്തതിനാൽ ആദായ നികുതി ഒഴിവ് നൽകാനാവില്ല എന്ന് ആദായ നികുതി വകുപ്പ് അറിയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ